<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3291**</u> <u>**08-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വൈപ്പിൻ - മുനമ്പം റോഡിലെ ഗതാഗത തടസ്സം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അഴീക്കോട്- മുനമ്പം പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വൈപ്പിൻ മണ്ഡലത്തിലെ ഏക സംസ്ഥാന പാതയായ വൈപ്പിൻ - മുനമ്പം റോഡിൽ അഭിമുഖീകരിക്കേണ്ടി Loadingവരുന്ന രൂക്ഷമായ ഗതാഗത തടസ്സം പരിഹരിക്കുവാനായി പൊതുമരാമത്ത് വകുപ്പ് ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന അഴിക്കോട്-മുനമ്പം പാലവും, പാലത്തിന്റെ ഇരുകരകളിലെയും അപ്രോച്ച് റോഡുകളും കെ.ആർ.എഫ്.ബി. - പി.എം.യു. മുഖേന നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പാലത്തിന്റെ നിർമ്മാണവും തീരദേശ ഹൈവേയുടെ നിർമ്മാണവും പൂർത്തിയാകുന്നതോടുകൂടി വൈപ്പിൻ - മുനമ്പം റോഡിലെ ഗതാഗത തടസ്സം കുറയ്ക്കാമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ വൈപ്പിൻ മുനമ്പം സംസ്ഥാനപാതയിലെ തിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാന പാതയ്ക്ക് സമാന്തരമായി റോഡിനു കിഴക്കുവശം ചെറായി മുതൽ ഗോശ്രീ ജംഗ്ഷൻ വരെ കായലോര റിംഗ് റോഡ് നിർമ്മിക്കുന്നതിനായുള്ള സാധ്യത പഠനത്തിനായി DPR തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാനായിട്ടില്ല. |
| (ബി) | തീരദേശ ഹൈവേയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വൈപ്പിൻ കരയുടെ കിഴക്കുവശത്ത് കായലോര റോഡ്, കായലോര റോഡിൽ നിന്നും കണ്ടെയ്നർ റോഡിലേക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള പൂക്കാട് പാലം, ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലങ്ങൾ എന്നിവ സംസ്ഥാന-കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വൈപ്പിൻ ദ്വീപിലെ ഗതാഗതകുരുക്ക് കണക്കിലെടുത്ത് എളംകുന്നപ്പുഴ- പൂക്കാട്പാലം, ഗോശ്രീ സമാന്തര പാലങ്ങൾ എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | എൽ.എൻ. ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഡി. പി. വേൾഡ്, മുനമ്പം ഫിഷിംഗ് ഹാർബർ തുടങ്ങിയ സ്ഥാപനങ്ങളുടെ വ്യവസായിക പ്രാധാന്യവും അഴീക്കോട്-മുനമ്പം പാലവും തീരദേശ ഹൈവേയും യാഥാർത്ഥ്യമാകുന്നതോടെ ദ്വീപ് | (സി) | ഫോർട്ട് വൈപ്പിൻ- മത്സ്യഫെഡ് ഓഫീസ് - 13 Km വരുന്ന റോഡ് ദേശീയപാതയായി വികസിപ്പിക്കുന്നതിന് DPR തയ്യാറാക്കാനുള്ള നടപടികൾ NHAI ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മണ്ഡലമായ വൈപ്പിൻകരയിൽ രൂപപ്പെടാവുന്ന ഗതാഗത തടസ്സവും കണക്കിലെടുത്ത് കായലോര റോഡ്, പുക്കാട് പാലം, ഒന്നും മൂന്നും ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലങ്ങൾ എന്നിവ സാഗർമാല പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ